## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2788

10.03.2017-ന് മറുപടിയ്ക്ക്

## ബാലാവകാശ കമ്മീഷൻ നിർദ്ദേശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനൂപ് ജേക്കബ്<br>,, എൽദോസ് കുന്നപ്പിള്ളി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്ക്കൂളുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്ന ബാലാവകാശ കമ്മീഷൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ബാലാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾക്ക് എല്ലാ അദ്ധ്യയന വർഷാരംഭത്തിനും മുമ്പായി പൊതുമരാമത്ത്/ എൽ.എസ്.ജി.ഡി. എൻജിനീയർ എന്നിവർ പരിശോധിച്ച് നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്ക് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാനും ജീർണ്ണാവസ്ഥയിലുള്ളതും ഉപയോഗയോഗ്യമല്ലാത്തതുമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റാനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുവാനും എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) എൽ.കെ.ജി. തലം മുതലുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്ക്കൂളുകളുടെ കാര്യത്തിൽ പ്രസ്തുത നിർദ്ദേശം കർശനമായി നടപ്പിലാക്കുമോ; | (ബി) പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) 2016-17 അധ്യയനവർഷം ഏതെങ്കിലും സർക്കാർ/എയ്ഡഡ് സ്ക്കൂൾ കെട്ടിടം തകർന്ന് വീണ് കുട്ടികൾ മരിച്ചതോ, പരിക്കേറ്റതോ ആയ സംഭവമുണ്ടായിട്ടുണ്ടോ; പ്രസ്തുത സ്ക്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റുണ്ടായിരുന്നോ; ഇല്ലെങ്കിൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) ഉണ്ട്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ശിക്ഷാ നടപടികൾ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ